<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833**</u> <u>**24-02-2026 - ൽ മറുപടിയ്ക്ക്**</u>

<u>**ബംബ്രാണ റെഗുലേറ്റർ -കം -ബ്രിഡ്ജ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഷിറിയ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ബംബ്രാണ റെഗുലേറ്റർ -കം- ബ്രിഡ്ജ് പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | ഷിറിയ പുഴയ്ക്ക് കുറുകെ ബംബ്രാണ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് വേണ്ടിയുള്ള സൈറ്റ്, കോൺട്രാക്ടറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 18 മാസം കാലാവധിയോടുകൂടി 31/07/2023 ന് കൈമാറിയിരുന്നു. എന്നാൽ പ്രവൃത്തി സമയത്ത് ഉണ്ടായ ശക്തമായ മഴയും പ്രതികൂല കാലാവസ്ഥയും പ്രവൃത്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ടി പുഴയുടെ ഇടത് കരയിൽ ഉള്ള കുമ്പള ഗ്രാമ പഞ്ചായത്തിന്റെയും വലതു കരയിലുള്ള മംഗൽപാടി ഗ്രാമ പഞ്ചായത്തിന്റെയും കുടിവെള്ള ആവശ്യം നിറവേറ്റുന്നതിനായി പ്രവൃത്തി സ്ഥലത്തു തന്നെ 3 മീറ്റർ ഉയരത്തിൽ ബണ്ട് നിർമ്മിച്ച് ജലം സംഭരിച്ചിട്ടുണ്ട്. ഇപ്രകാരം ജലം സംഭരിച്ചത് പ്രവൃത്തി മന്ദഗതിയിൽ ആവാൻ ഒരു കാരണമായിട്ടുണ്ട്. കൂടാതെ ജൂൺ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ പുഴയിലെ ജല നിരപ്പ് വളരെ അധികം ഉയർന്നു നിന്നതിനാൽ പ്രവൃത്തി ചെയ്യാൻ പറ്റാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്.<br><br>നിലവിൽ ബംബ്രാണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവൃത്തിയുടെ ഭാഗമായി ഏപ്രൺ പ്രവൃത്തികൾ പുരോഗമിച്ചു വരുകയാണ്. കൂടാതെ പാലത്തിന്റെ ഭാഗമായിട്ടുള്ള തൂണുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഏപ്രിൽ മെയ് മാസത്തോടെ deck slab, beam തുടങ്ങിയവയുടെ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. 2026 ജൂണിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ